ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** പ്രധാനവാർത്തകൾ **DATE:21.02.2025**

1. രാജ്യത്തെ ആഗോളതലത്തിൽ മുൻനിരയിലെത്തിക്കാൻ യുവാക്കൾ അന്താരാഷ്ട്ര നേതൃനിരയിലേക്ക് ഉയരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സംസ്ഥാനത്തിന്റെ നിക്ഷേപക മേഖലയിൽ ചരിത്രപരമായ മാറ്റങ്ങൾ കൊണ്ടുവരാനും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് കൊച്ചിയിൽ തുടക്കം.

3. കേരളം രാജ്യത്തെ പ്രധാനപ്പെട്ട സംസ്ഥാനമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. സംസ്ഥാനത്തിന്റെ വികസനത്തിനായി ഇൻവസ്റ്റ് കേരള ഉച്ചകോടിയിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ച് കേന്ദ്രമന്ത്രി.

4. കേരളത്തിന്റെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായവും നല്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

5. രഞ്ജി ട്രോഫി സെമി ഫൈനലിൽ ഗുജറാത്തിനെതിരെ കേരളത്തിന് 28 റൺസ് ലീഡ്.

RNU TVPM

*****************************

## പ്രധാനമന്ത്രി - കോൺക്ലേവ്

ഇന്ത്യയെ ആഗോളതലത്തിൽ മുൻനിരയിലെത്തിക്കാൻ മികച്ച നേതൃത്വം അനിവാര്യമാണെന്നും ഇതിനായി രാജ്യത്തെ യുവാക്കൾ അന്താരാഷ്ട്ര നേതൃനിരയിലേക്ക് ഉയരണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടക്കുന്ന സോൾ ലീഡർഷിപ്പ് കോൺക്ലേവിൻറെ ആദ്യ പതിപ്പ് ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയതലത്തിൽ മാത്രമല്ല ആഗോളതലത്തിലും മികവ് പുലർത്തുന്ന നേതാക്കളെ രൂപപ്പെടുത്തുന്നതിൽ സ്കൂൾ ഓഫ് അൾട്ടിമേറ്റ് ലീഡർഷിപ്പ് നിർണ്ണായക പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചടങ്ങിൽ ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗെ മുഖ്യപ്രഭാഷണം നടത്തി. രണ്ടു ദിവസത്തെ പരിപാടിയിൽ വിവിധ മേഖലകളിൽ നിന്നുള്ളവർ പ്രചോദനാത്മകമായ തങ്ങളുടെ ജീവിത യാത്രകൾ പങ്കിടും.

*****************************

## ഇൻവെസ്റ്റ് കേരള .. (ഇൻട്രോ)

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ കുതിപ്പിന് പുത്തൻ ഉണർവ് നൽകുന്ന ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് കൊച്ചിയിൽ തുടക്കമായി. സംസ്ഥാനത്തിൻറെ നിക്ഷേപക മേഖലയിൽ ചരിത്രപരമായ മാറ്റങ്ങൾ കൊണ്ടുവന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിക്ഷേപക ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കേന്ദ്ര മന്ത്രിമാരായ പിയൂഷ് ഗോയൽ, ജയന്ത് ചൗധരി, യുഎഇ സാമ്പത്തിക കാര്യ മന്ത്രി അബ്ദുള്ള ബിൻ തുക് അൽമാരി, ബഹ്റൈൻ വാണിജ്യ-വ്യവസായമന്ത്രി, പ്രതിപക്ഷനേതാവ് വി ഡി സതീശൻഎന്നിവർ ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. ഉച്ചകോടിയെ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി

RNU TVPM

ഓൺലൈനായി അഭിസംബോധന ചെയ്യു. മാനവ വികസന സൂചികയിൽ മുൻപന്തിയിലായ കേരളം ഇന്ന് നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും മുന്നിലാണ്. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ചുവപ്പ് നാടയിൽ കുടുങ്ങി നീണ്ടുപോകില്ലെന്ന് ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

ബോൾഗാട്ടി ലുലു ഇൻറർനാഷണൽ കൺവെൻഷൻ സെൻ്ററിൽ നടക്കുന്ന രണ്ടുദിവസത്തെ നിക്ഷേപക സംഗമത്തിൽ നയതന്ത്ര പ്രതിനിധികൾ ഉൾപ്പെടെ 3000 ത്തോളം പേർ ഉച്ചകോടിയിൽ പങ്കെടുക്കും.

PNU TVPM

******************************

<u>നിതിൻ ഗഡ്കരി (ഇൻട്രോ)</u>

കേരളം രാജ്യത്തെ പ്രധാനപ്പെട്ട സംസ്ഥാനമാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇൻവെസ്റ്റ് കേരള ഉച്ചകോടിയെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 20,000 കോടിയിലേറെ രൂപയുടെ റോഡ് പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയായി. കേരളത്തിൻറെ റോഡ് വികസനത്തിന് 50,000 കോടി രൂപയുടെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതായും മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനുപുറമെ സംസ്ഥാനത്തിൻറെ വികസനത്തിനായി നിരവധി മറ്റ് പദ്ധതികളും അദ്ദേഹം പ്രഖ്യാപിച്ചു.

(ഹോൾഡ് വോയ്സ്)

******************************

## പിയൂഷ് ഗോയൽ (ഇൻട്രോ)

കേരളത്തിൻറെ റോഡ്, റെയിൽ മേഖലകളിൽ കേന്ദ്രസർക്കാർ എല്ലാ വിധ പിന്തുണയും നൽകി വരുന്നതായി കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിൻറെ സമുദ്ര മേഖലയുടെ വികസനത്തിനും ഷിപ്പിങ് മേഖലയിലും കേന്ദ്രബജറ്റിൽ ഊന്നൽ നൽകിയിരുന്നെന്നും ഇത് വ്യവസായ മേഖലക്ക് ഗുണം ചെയ്യുതായും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

*****************************

## എഫ് പി ഒ - കോഴിക്കോട്

സ്വയം ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടാൻ കർഷകന് സാധിക്കുന്നില്ലെന്ന് മന്ത്രി പ്രസാദ്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കർഷകരുടെ വരുമാന വർധനവിന് സഹായകരമാകും. കോഴിക്കോട് എഫ് പി ഒ മേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ കൃഷിഭവന് കീഴിലും അഞ്ച് ഉല്പ്പന്നങ്ങൾ എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷികോൽപ്പന്ന വിപണത്തിന് കോഴിക്കാടും ട്രേഡ് സെന്റർ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

PNU TVPM

*****************************

## റോഷി അഗസ്റ്റിൻ- ഇടുക്കി

മുല്ലപ്പെരിയാർ ഡാമിൽ ജലസേചന വകുപ്പിൻറെ 'ജലജീവൻ' ബോട്ട് മന്ത്രി റോഷി അഗസ്റ്റിൻ ഇന്ന് ഫ്ലാഗ്ഓഫ് ചെയ്യും. ഡാമിലെ ജലനിരപ്പ്, മഴയുടെ അളവ്, നീരൊഴുക്ക്, ഷട്ടറുകൾ തുറക്കുന്ന

സാഹചര്യം, തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിൻറെ അളവ് എന്നിവ കൃത്യമായി നിരീക്ഷിക്കുന്നതിനാണ് പുതിയ ബോട്ട്.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*****************************

## വെടിക്കെട്ട് അപകടം

കണ്ണൂർ അഴീക്കോട് ക്ഷേത്രോൽസവത്തിനിടെ ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ അഞ്ച് പേർക്ക് പരിക്കേറ്റു. ഇതിൽ ഒരാളുടെ നില ഗുരുതരമാണ്. അഴീക്കോട് നീർക്കടവ് മുച്ചിരിയൻ ക്ഷേത്രത്തിലെ ഉത്സവത്തിനിടെ ആയിരുന്നു അപകടം. ആൾക്കൂട്ടത്തിനിടയിൽ അമിട്ട് വീണ് പൊട്ടിയാണ് അപകടം ഉണ്ടായത്. വെടികെട്ടിന് അനുമതിയില്ലായിരുന്നുവെന്ന് വളപട്ടണം പോലീസ് അറിയിച്ചു. തങ്ങളുടെ സമ്മതമില്ലാതെയാണ് വെടിക്കെട്ട് നടത്തിയതെന്ന് ക്ഷേത്ര ഭാരവാഹികളും പറഞ്ഞു.

RNU TVPM

*****************************

## ലോക മാതൃഭാഷാ ദിനം... (ഇൻട്രോ)

ഇന്ന് ലോക മാതൃഭാഷാ ദിനം. ലോകമെമ്പാടുമുള്ള മാതൃഭാഷകളുടെ പ്രാധാന്യം, സംരക്ഷണം, പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് 2000 മുതലാണ് ലോക മാതൃഭാഷ ദിനം ആചരിച്ച് തുടങ്ങിയത്. 'അന്താരാഷ്ട്ര മാതൃഭാഷ ദിനത്തിൻറെ രജത ജൂബിലി ആഘോഷം" എന്നതാണ് ഈ വർഷത്തെ പ്രമേയം. ലോക മാതൃഭാഷാ ദിനത്തിൽ അക്ഷര നഗരിയായ കോട്ടയം

മലയാളത്തിന് നൽകിയ സംഭാവനകളെക്കുറിച്ച് ആകാശവാണി പ്രതിനിധി ടോം മാത്യു തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

*****************************

## മാതൃഭാഷ ദിനം - ഇന്ദു ഗോപൻ (ഇൻട്രോ)

ലോക മാതൃഭാഷാ ദിനത്തിൽ മലയാള ഭാഷയുടെ സവിശേഷതയെക്കുറിച്ച് എഴുത്തുകാരൻ ജി ഇന്ദുഗോപൻ ആകാശവാണി വാർത്തകളോട് സംസാരിക്കുന്നു.

(വോയ്സ്)

*****************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി സെമി ഫൈനലിൻറെ ഒന്നാം ഇന്നിങ്സിൽ കേരളത്തിന്റെ 457 റൺസ് പിന്തുടർന്ന ഗുജറാത്ത്, 455 ന് ഓൾ ഔട്ടായി. ഒന്നാം ഇന്നിങ്സിൽ നിർണായകമായ രണ്ട് റൺസ് ലീഡ് നേടിയതോടെ കളി സമനില ആയാലും കേരളം ഫൈനലിലെത്തും. ഒടുവിൽ വിവരം ലഭിക്കുമ്പോൾ രണ്ടാം ഇന്നിങ്സ് ബാറ്റിംഗ് ആരംഭിച്ച കേരളം 26 റൺ നേടി. രണ്ട് ടീമുകളുടെയും രണ്ടാം ഇന്നിങ്സ് ഇന്ന് തന്നെ പൂർത്തിയായി ഫലനിർണയത്തിനുള്ള സാധ്യത വിരളമായതിനാൽ ഒന്നാം ഇന്നിങ്സിൽ ലീഡ് നേടുന്ന ടീമിനാകും ഫൈനൽ സാധ്യത. ഫൈനലിൽ പ്രവേശിക്കുകയാണെങ്കിൽ കേരള ക്രിക്കറ്റിനെ ഇതൊരു പുതു ചരിത്രമാകും.

*****************************

RNUTVPM

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റ് FC ബംഗളൂരു FC യെ നേരിടും. രാത്രി 7.30ന് ഷില്ലോങ്ങിലാണ് മത്സരം

*****************************

## വനിതാ ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു മുംബൈ ഇന്ത്യൻസിനെ നേരിടും. ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ 7.30 നാണ് മത്സരം.

*****************************

RNU TVPM

## ചാമ്പ്യൻസ് ട്രോഫി

ഐ സി സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാൻ, ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം.

*****************************

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 439 പോയിൻറ് നഷ്ടത്തിൽ 75,296 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 128 പോയിൻറ് നഷ്ടത്തിൽ 22,783 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് 64,200 രൂപയും ഗ്രാമിന് 45 രൂപ കുറഞ്ഞ് 8,025 രൂപയുമാണ് ഇന്നത്തെ വില.

*************************************************************************************

*****************************